**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 386 27.09.2016-ൽ മറുപടിയ്ക്ക്**

**മേലാറ്റൂർ ടൗണിലെ വൈദ്യുതി തടസ്സം .**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ മേലാറ്റൂർ ടൗണിൽ അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസ്സം മൂലം പൊതുജനങ്ങൾക്കു ണ്ടാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കു ന്നതിന് എന്തെല്ലാം നടപടിക ളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) മേലാറ്റൂർ ടൗണിലെ വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനായി പെരിന്തൽമണ്ണ സബ്-സ്റ്റേഷനിൽ നിന്നും മേലാറ്റൂർ ടൗൺ വരെ ഒരു പുതിയ 11 കെ.വി. ഫീഡർ വലിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഈ ഫീഡർ വലിക്കുന്നതിനായി മേലാറ്റൂർ റെയിൽവെ ലൈൻ ക്രോസ് ചെയ്യേണ്ടതുള്ളതിനാൽ ആ ഭാഗത്ത് UG cable ഇടുന്നതിന് റെയിൽവെയുടെ അനുമതിക്കായി 29.06.2016 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ മേഖലയിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി യു. ജി കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ; | (ബി) & (സി) റെയിൽവെ വകുപ്പിൽ നിന്നും അനുമതി ലഭിച്ചാലുടൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് . |
| (സി) ഈ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും ഈ പ്രദേശത്തെ വൈദ്യുതപ്രശ്നം പരിഹരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ? | |

Hemalatha

**സെക്ഷൻ ഓഫീസർ**